LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ വൃദ്ധ ജനസംഖ്യ

36 [2163] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൃദ്ധ ജനസംഖ്യ എത്രയാണെന്ന് അറിയിക്കാമോ;

(ബി) മൊത്തം ജനസംഖ്യയുടെ എത്ര ശതമാനമാണിതെന്ന് വ്യക്തമാക്കാമോ;

(സി) ഇവരിൽ നിരാലംബരും നിശ്ചിത വരുമാനമില്ലാത്തവരുമായ വൃദ്ധ ജനങ്ങൾ എത്രപേരുണ്ടാകുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരേതര സംഘടനകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ഇതര ഏജൻസികളുടെയും ധനസഹായം ഈ സംഘടനകൾക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ നടത്തിയ പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 60 വയസ്സോ അതിൽ കൂടുതലോ പ്രായം ഉള്ള 26.2 ലക്ഷം പേർ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) മൊത്തം ജനസംഖ്യയുടെ 9 ശതമാനത്തോളം വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 14 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ ലിസ്റ്റ് അനുബന്ധം (1) ആയി ചേർക്കുന്നു†. കൂടാതെ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 153 സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ 8,496 അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് നൽകാൻ അനുമതിയുണ്ട്. ഒരു അന്തേവാസിക്ക് പ്രതിമാസം 125 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകിവരുന്നു.

(ഇ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കുകയും എന്നാൽ സർക്കാർ ഗ്രാന്റ് ലഭിക്കാതെയും സർക്കാരേതര സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു†.

---

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി വയോജനങ്ങൾക്കായി "ഏകോപിത പരിപാടി" എന്ന പേരിൽ വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ, മെഡികെയർ സെന്ററുകൾ തുടങ്ങിയവ നടത്തുന്നതിനുവേണ്ടി സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം സന്നദ്ധസംഘടനകളുടെ കേന്ദ്രസഹായത്തിനുള്ള അപേക്ഷകൾ സാമൂഹ്യക്ഷേമ വകുപ്പ് വഴിയാണ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് എന്നാൽ ഈ പദ്ധതിപ്രകാരം സന്നദ്ധ സംഘടനകൾക്ക് കേന്ദ്രസർക്കാർ നേരിട്ടാണ് ധനസഹായം അനുവദിക്കുന്നത്.

സാമൂഹ്യക്ഷേമ വകുപ്പിലെ ക്ഷേമ പെൻഷനുകൾ

37 [2164] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പിൽ നിലവിൽ ഏതെല്ലാം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പെൻഷനും എത്ര മാസത്തെ കുടിശ്ശികയുണ്ട്?

ഉത്തരം

(എ) അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും ഉള്ള പ്രത്യേക പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് വിതരണം ചെയ്യുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പാക്കിയ പദ്ധതികൾ

38 [2165] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2003-2004 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കിയ പദ്ധതികൾ, ബജറ്റിൽ വിലയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടും പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കുവാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2003-2004 വരെ സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെയും ബഡ്ജറ്റ് വിഹിതം, ചെലവഴിച്ച തുക എന്നിവയുടെയും സ്റ്റേറ്റ്മെന്റുകൾ ഉള്ളടക്കം ചെയ്യുന്നു†.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly